ആറന്മുള വിമാനത്താവള പദ്ധതി

159 (1215) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുളയിലെ വിമാനത്താവള പദ്ധതിക്കായി കെ.ജി.എസ് ഗ്രൂപ്പ് ഏറ്റെടുത്തിരുന്ന ഭൂമിയിൽ നികത്തപ്പെട്ട തോടും, ചാലും പുനർനിർമ്മിക്കണമെന്ന് കോടതി ഉത്തരവ് എന്നാണ് നിലവിൽ വന്നതെന്നും ഇതിലെന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; ഇതുസംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ നികത്തപ്പെട്ട ഭൂമിയിലെ തോടുകളുടെയും, ചാലുകളുടേയും വ്യാപ്തി എത്രയെന്നും ഇത് നികത്തിയതുമൂലമുള്ള പാരിസ്ഥിതിക ആഘാതമെന്തെന്നും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) കോടതി ഉത്തരവ് പൂർണ്ണമായി നടപ്പാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) 16-6-2014 നാണ് ബഹു. ഹൈക്കോടതിയിൽ നിന്നും വിധിയായത്. ടി തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത തോട്ടിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വഴി സൗകര്യമില്ലാത്തതാണ്. സ്വകാര്യ വസ്തുക്കളിലൂടെയാണ് മണ്ണെടുക്കുന്നിടത്തേക്ക് പ്രവേശിക്കേണ്ടത്. മണ്ണ് നീക്കം ചെയ്യുന്നതിന് 1.02 കോടി രൂപ ചെലവ് വരുന്നതും ആയതിന് ഫണ്ട് ലഭിച്ചാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്ന ജോലി ആരംഭിക്കുവാൻ കഴിയൂ എന്നും മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ സമയം ചെങ്ങന്നൂർ-കോട്ടയം റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ ജോലിക്കായി മണ്ണ് ആവശ്യമാണെന്ന് കാണിച്ച് റെയിൽവേ അധികൃതർ കത്ത് നൽകിയിരുന്നു. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് കൂടുതലായതിനാൽ വലിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരും. അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാൻ നിലവിലെ വഴികൾ അപര്യാപ്തമായതിനാൽ റോഡുകൾ നിർമ്മിച്ച് നൽകണമെന്നും കൂടാതെ റോയൽറ്റി ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്യണമെന്നും എന്നാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നത് ആരംഭിക്കാൻ കഴിയൂ എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി അടൂർ ആർ.ഡി.ഒ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 16-6-2014-ലെ WP(C) 6519/2014 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യാപ്തി 2.57.27 ഹെക്ടർ. പാരിസ്ഥിതികാഘാതം സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

(സി) ബാധിക്കപ്പെട്ട കക്ഷികളെക്കൂടി നേരിൽ കേട്ടശേഷം പുറംപോക്ക് തോട് പൂർവ്വ സ്ഥിതിയിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പിരിവ് എ-യിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ പ്രശ്നങ്ങൾ പരിഹരിച്ച് കോടതി ഉത്തരവ് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. കൃഷ്ണൻനായർ തിരുവനന്തപുരം താലൂക്കാഫീസിൽ നൽകിയ ഫയൽ

160 (1216) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തുറ വില്ലേജിൽ കുഴിക്കാട്ടു കോണത്തു വീട്ടിൽ ശ്രീ. കൃഷ്ണൻ നായർ, തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ LRM1/58671/13 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ ഫയലിൽ ഉടനടി തീരുമാനം കൈക്കൊണ്ട് പരാതിക്കാരന്റെ കാത്തിരിപ്പ് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ : ഇത് എത്ര ദിവസത്തിനകം തീർപ്പുകൽപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഫയൽ സംബന്ധിച്ച് ഉളിയാഴ്ത്തുറ വില്ലേജ് ഓഫീസർ സമർപ്പിച്ച LRM1/60191/14 dated 17/x/2014-ൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ ഫയലിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപേക്ഷയിന്മേൽ ഉളിയാഴ്ത്തുറ വില്ലേജാഫീസിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും തുടർന്ന് സർവേ നടപടികൾ നടന്നുവരുന്നതുമാകുന്നു.

(ബി) പട്ടം എസ്.ആർ.ഒ-യിലെ 2669/51-ാം നമ്പർ ഭാഗപത്ര പ്രകാരം ഒന്നാം നമ്പർ പട്ടിക വസ്തുവിന്മേൽ അവകാശം ആർക്ക് നൽകണമെന്നത് വ്യക്തമല്ലാതിരുന്നതാണ് കാലതാമസം നേരിടുന്നതിന്റെ കാരണം.

LIBRARY ARCHIVES Kerala Legislative Assembly